# വ്യവസായ കേരളം

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

15 MARCH 2023






## വിജയവഴിയിൽ വനിതാ സംരംഭകർ

### വനിതാ ദിനത്തിൽ സ്ത്രീ സംരംഭകർക്ക് പ്രോത്സാഹനവുമായി വ്യവസായ വകുപ്പ്



സംരംഭക മേഖലയിലേക്ക് ചുവടെടുത്തു വയ്ക്കാൻ ആഗ്രഹിക്കുന്ന കേരളത്തിലെ വനിതകൾക്ക് പ്രചോദനവും ആത്മവിശ്വാസവുമേകി വനിതാ സംരംഭക സംഗമം. കേരള ചരിത്രത്തിൽ ആദ്യമായി സംരംഭക വിജയകഥകളും അനുഭവങ്ങളും പങ്കുവച്ച് അന്താരാഷ്ട്ര വനിതാ ദിനത്തിൽ അഞ്ഞൂറിലധികം വനിതാ സംരംഭകരാണ് വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ ഒത്തുചേർന്നത്.

സംസ്ഥാനത്തെ സംരംഭക സൗഹാർദ നയങ്ങളും സംരംഭക സൗഹൃദാന്തരീക്ഷവും വെളിപ്പെടുത്തുന്നതായിരുന്നു വ്യവസായ വകുപ്പ് 2023 മാർച്ച് 8 ന് തിരുവനന്തപുരത്ത് സംഘടിപ്പിച്ച വനിതാ സംരംഭക സംഗമം. സംസ്ഥാന സർക്കാരിന്റെ സംരംഭക വർഷം പദ്ധതിയിൽ 43,000 ൽ അധികം വനിതകൾ പുതിയ സംരംഭങ്ങൾ തുടങ്ങിയ സാഹചര്യത്തിലായിരുന്നു വനിതാ സംരംഭക സംഗമം സംഘടിപ്പിച്ചത്. ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി.രാജീവ് അധ്യക്ഷനായ പരിപാടി ബഹു. ആരോഗ്യവനിതാ ശിശുവികസന വകുപ്പ് മന്ത്രി ശ്രീമതി. വീണാ ജോർജ്ജ് ആയിരുന്നു ഉദ്ഘാടനം നിർവ്വഹിച്ചത്. വ്യവസായകേരളം മാസികയുടെ ഡിജിറ്റൽ പതിപ്പിന്റെ ഉദ്ഘാടനവും ഇ.ഡി. ക്ലബുകൾക്കായുള്ള രജിസ്ട്രേഷൻ പോർട്ടലിന്റെ ഉദ്ഘാടനവും ബഹു. മന്ത്രി പി. രാജീവ് നിർവ്വഹിച്ചു. ബഹു. ക്ഷീരവികസന മൃഗസംരക്ഷണ വകുപ്പ് മന്ത്രി ശ്രീമതി. ജെ. ചിഞ്ചുറാണിയായിരുന്നു പി.എം.എഫ്.എം.ഇ. പ്രൊമോഷണൽ ഫിലിമിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത്. ശ്രീ. വി.കെ. പ്രശാന്ത് എം.എൽ.എയും ചടങ്ങിൽ സന്നിഹിതനായിരുന്നു.

വനിതാ ദിനത്തിൽ സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന്റെ വനിതാ സംരംഭക സംഗമത്തോടനുബന്ധിച്ചു വനിതാ സംരംഭകർക്കായി പ്രോത്സാഹന പദ്ധതികളും ബഹു. നിയമവ്യവസായകയർ മന്ത്രി ശ്രീ. പി.രാജീവ് പ്രഖ്യാപിച്ചു. ‘വിമിഷൻ കേരള്‘ വായ്പ 50 ലക്ഷം രൂപയായി ഉയർത്തുകയും വനിതാ സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിന് അഞ്ച് ലക്ഷം രൂപ വീതം അനുവദിക്കുന്നതുമുൾപ്പെടെയുള്ള പ്രഖ്യാപനങ്ങളാണ് ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി.രാജീവ് നടത്തിയത്. ഇതോടൊപ്പം കോഴിക്കോട്ടെ ഇൻകുബേഷൻ സെന്റർ കേന്ദ്രീകരിച്ച് പ്രവർത്തിക്കാൻ വനിതാ സംരംഭകർക്ക് ഏപ്രിൽ ഒന്നു മുതൽ വാടക 50 ശതമാനം നൽകിയാൽ മതിയെന്നും ബഹു. മന്ത്രി പറഞ്ഞു. ബാങ്കുകളിൽ നിന്ന് വായ്പ ലഭിക്കാനും പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കാനും വ്യവസായ വകുപ്പ് സഹായിക്കുകയും ചെയ്യും.



സംരംഭക വർഷം പദ്ധതിയിൽ 33% സംരംഭകരാണ് സ്ത്രീകളെങ്കിൽ വരും വർഷങ്ങളിൽ പകുതി സംരംഭകരെങ്കിലും സ്ത്രീകളായി മാറുന്നതിന് ഇന്ന് ഈ രംഗത്തേക്ക് കടന്നുവന്ന വനിതകൾ കാരണമാകും.

**ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി.രാജീവ്**



**സ്ത്രീകൾ തൊഴിൽ ദാതാക്കളാകുക എന്നത് സ്ത്രീശാക്തീകരണത്തിൽ പ്രധാനമാണ്. സ്ത്രീകളിലെ സംരംഭകത്വം പ്രോത്സാഹിപ്പിക്കാനുള്ള പദ്ധതിക്കായി വനിതാ വികസന വകുപ്പ് പ്രത്യേകം തുക അനുവദിച്ചിട്ടുണ്ട്.**

ബഹു. ആരോഗ്യ വനിതാ ശിശുവികസന **വകുപ്പ് മന്ത്രി ശ്രീമതി. വീണാ ജോർജ്ജ്**



**ഡയറി ഫാമുകൾ സ്ഥാപിക്കുന്നതിനും മൃഗസംരക്ഷണ മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ധാരാളം സ്ത്രീകൾ മുന്നോട്ടുവന്നിട്ടുണ്ട്. കൂടുതൽ സ്ത്രീകളെ സംരംഭകത്വത്തിലേക്ക് കൊണ്ടുവരാനാണ് സർക്കാർ ശ്രമിക്കുന്നത്.**

**ബഹു. ക്ഷീരവികസന മൃഗസംരക്ഷണ**

**വകുപ്പ് മന്ത്രി ശ്രീമതി. ജെ. ചിഞ്ചുറാണി**

വ്യവസായ നോർക്ക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. സുമൻ ബില്ല ഐ.എ.എസ്, വ്യവസായ വാണിജ്യ ഡയറക്ടർ ശ്രീ. എസ്.ഹരികിഷോർ ഐ.എ.എസ്, കോട്ടയം ജില്ല വ്യവസായ കേന്ദ്രം ജനറൽ മാനേജർ ശ്രീമതി. ലൗലി എം.വി, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി. സിമി ചന്ദ്രൻ വി.ആർ. കെഎസ്.എസ്.ഐ.എ. വൈസ് പ്രസിഡന്റ് ശ്രീമതി. അപർണ പൊതുവാൾ, സി.ഐ.ഐ ഐ.ഡബ്ല്യു.എൻ കേരള വൈസ് ചെയർവുമൺ ശ്രീമതി. ബിൻസി ബേബി, ഫിക്കി പ്രതിനിധി ശ്രീമതി. രശ്മി മാക്സിം, ടൈ കേരള പ്രതിനിധി ശ്രീമതി. സപ്നു ജോർജ് എന്നിവർ ചടങ്ങിനെ അഭിസംബോധന ചെയ്തു സംസാരിച്ചു.



വനിതാ സംഗമത്തോടനുബന്ധിച്ചു ‘വനിതാ സംരംഭകരുടെ അനുഭവങ്ങൾ പങ്കുവയ്ക്കൽ’ എന്ന വിഷയത്തിൽ പാനൽ ചർച്ച സംഘടിപ്പിച്ചു. വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കെ.എസ്.ഐ.ഡി.സി, കെബിപ്പ്, ഒ.എൻ.ഡി.സി എന്നിവയുടെ നേതൃത്വത്തിൽ സംരംഭകർക്ക് വിവിധ സേവനങ്ങൾ നൽകുന്ന സ്റ്റാളുകളും ക്രമീകരിച്ചിരുന്നു. കൂടാതെ 30 സ്റ്റാളുകളിലായി വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന വനിതാ സംരംഭകരുടെ വ്യത്യസ്തങ്ങളായ ഉത്പന്ന പ്രദർശനവും വനിതാ സംരംഭക സംഗമത്തോടനുബന്ധിച്ച് ഒരുക്കിയിരുന്നു.

# യന്ത്ര ലോകത്തെ വൈവിധ്യങ്ങളുമായി മെഷിനറി എക്സ്പോ

വ്യവസായ മേഖലയിൽ കുതിച്ചുചാട്ടം നടത്തുന്ന കേരളത്തിൽ സംരംഭകർക്ക് പിന്തുണ നൽകുന്നതിനായി സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് സംഘടിപ്പിച്ച മെഷിനറി എക്സ്പോ വിജയകരമായി സമാപിച്ചു. എക്സ്പോയുടെ അഞ്ചാമത് എഡിഷനാണ് എറണാകുളം, കലൂർ അന്താരാഷ്ട്ര സ്റ്റേഡിയം ഗ്രൗണ്ടിൽ 2023 മാർച്ച് 11 മുതൽ 14 വരെ നാല് ദിവസങ്ങളിലായി സംഘടിപ്പിച്ചത്.

ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് ഉദ്ഘാടനം ചെയ്ത ചടങ്ങിന് ബഹു. എറണാകുളം എം പി ശ്രീ. ഹൈബി ഈഡൻ അധ്യക്ഷത വഹിച്ചു. കേരളം സംരഭകർക്കൊപ്പമാണെന്നും അവർക്ക് വേണ്ട എല്ലാവിധ സൗകര്യങ്ങളും സംസ്ഥാനത്ത് ഒരുക്കിയിട്ടുണ്ടെന്നും എക്സ്പോ ഉദ്ഘാടനം ചെയ്തു കൊണ്ട് ബഹു. മന്ത്രി പറഞ്ഞു. മേളയിൽ നവീനമായ മെഷീനറികൾ കാണാൻ കഴിഞ്ഞെന്നും വിവിധ ആവശ്യങ്ങൾക്കനുസരിച്ചുള്ള മെഷീനറികൾ ഉണ്ടാക്കാൻ നമുക്ക് സാധിച്ചെന്നും ബഹു. മന്ത്രി പറഞ്ഞു.

മെഷിനറി എക്സ്പോയുടെ ഉദ്ഘാടന ചടങ്ങിൽ വ്യവസായ വാണിജ്യ വകുപ്പ് ഡയറക്റ്റർ ശ്രീ. എസ്. ഹരികിഷോർ ഐ എ എസ് എക്സിബിറ്റേഴ്സ് ഡയറക്ടറി പ്രകാശനം നിർവഹിച്ചു. കൊച്ചി കോർപ്പേഷൻ കൗൺസിലർ അഡ്വ. ദീപ്തി മേരി വർഗ്ഗീസ്, വ്യവസായ വകുപ്പ് അഡീഷണൽ ഡയറക്ടർ ശ്രീ. കെ. സുധീർ, എറണാകുളം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ശ്രീ. പി. എ. നജീബ്, എംഎസ്എംഇ ഡി.എഫ്.ഒ തൃശൂർ അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി. ലചിത മോൾ, കെഎസ്എസ്ഐഎ സംസ്ഥാന പ്രസിഡണ്ട് ശ്രീ. എ. നസറുദ്ധീൻ, ഫിക്കി കേരള സ്റ്റേറ്റ് കൗൺസിൽ ചെയർമാൻ ശ്രീ. സാവിയോ മാത്യു എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

സംരംഭകർക്കും സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്നവർക്കും യന്ത്രങ്ങളെ അടുത്തറിയുന്നതിനായി സംഘടിപ്പിച്ച യന്ത്ര പ്രദർശന മേള പുതിയ ദിശാബോധം നൽകുന്നതായിരുന്നു. 170ലധികം സ്റ്റാളുകളിലായി അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ നിന്നുമുള്ള യന്ത്ര നിർമ്മാതാക്കളാണ് എക്സ്പോയിൽ പങ്കെടുത്തത്. അഗ്രോ, അപ്പാരൽ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, ജനറൽ എൻജിനീയറിങ്, പാക്കേജിങ്, പ്രിന്റിങ് ആൻഡ് ത്രീഡി പ്രിൻറിംഗ് മേഖലകളിൽ നിന്നുള്ള 159 യന്ത്രനിർമ്മാതാക്കളും 11 സാങ്കേതിക സ്ഥാപനങ്ങളുമാണ് എക്സ്പോയിൽ പങ്കെടുത്തത്. മാലിന്യ സംസ്കരണം, ഇ-മൊബിലിറ്റി മെഷീൻ ടൂളുകൾ, ഓട്ടോമേഷൻ ടെക്നോളജി മെഷീനുകൾ, അതിനൂതന പ്രോസസിംഗ് പാക്കേജിങ് മെഷീനുകൾ എന്നിവയും മേളയുടെ ആകർഷണമായിരുന്നു. മേളയിൽ എത്തുന്ന ഓരോരുത്തർക്കും പ്രവർത്തനങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനായി തൽസമയ ഡെമോയും ഒരുക്കിയിട്ടുണ്ടായിരുന്നു. സംരംഭകർക്ക് അവരുടെ സ്ഥാപനത്തിന്റെ ആവശ്യകതയനുസരിച്ച് യന്ത്രങ്ങൾ തിരഞ്ഞെടുക്കുന്നതിനുള്ള അവസരമായിരുന്നു ഇതുവഴി ലഭിച്ചത്. നിർമ്മാതാക്കളും സംരംഭകരും തമ്മിലുള്ള അകലം കുറയ്ക്കുകയും സംശയങ്ങളെല്ലാം ദൂരീകരിച്ച് യന്ത്രങ്ങൾ തിരഞ്ഞെടുക്കാവുന്ന അവസരവുമാണ് മെഷിനറി എക്സ്പോ നൽകിയത്.





ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ എന്ന് കേരളത്തിന്റെ വലിയ ലക്ഷ്യ പൂർത്തീകരണ വേളയിൽ മെഷിനറി എക്സ്പോ സംരംഭകർക്ക് ഒട്ടനവധി സാധ്യതകളായിരുന്നു തുറന്നിട്ടത്. വിവിധ മേഖലകളിലെ നൂതന സാങ്കേതിക വിദ്യയും യന്ത്രങ്ങളും സംരംഭകർക്ക് ഗുണകരമാകുംവിധം അവതരിപ്പിക്കുകയായിരുന്നു മേളയുടെ ലക്ഷ്യം. അതിനായി വീട്ടാവശ്യങ്ങൾക്കും ഹോട്ടലുകൾക്കും വേണ്ട പാചക യന്ത്രങ്ങൾ മുതൽ വിവിധതരം ഗാർഹിക യൂണിറ്റുകൾക്കും, കുടുംബശ്രീ, സൂക്ഷ്മ-ചെറുകിട-ഇടത്തരം, വൻകിട സംരംഭങ്ങൾക്കും ആവശ്യമായ യന്ത്രങ്ങളും സാങ്കേതികവിദ്യയും അണിനിരത്തിയാണ് യന്ത്ര പ്രദർശനമേള സംഘടിപ്പിച്ചത്.

# ഓൺലൈൻ ആയി പരാതി പരിഹാര സംവിധാനം

സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകരുടെ പരാതികൾ പരിഹരിക്കുന്നതിനായി കേരള സർക്കാർ രൂപീകരിച്ച പരാതി പരിഹാര സംവിധാനത്തിന്റെ പ്രവർത്തന ഉദ്ഘാടനം 2023 മാർച്ച് 2 ന് ബഹു. വ്യവസായ, നിയമ, കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് തിരുവനന്തപുരത്ത് നിർവ്വഹിച്ചു.

സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുന്നതും പ്രവർത്തിക്കുന്നതും




വിപുലീകരിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര-സംസ്ഥാന സർക്കാർ നിയമങ്ങൾ പ്രകാരം സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ നൽകി വരുന്ന വിവിധ അനുമതികൾ, ലൈസൻസുകൾ എന്നിവയുമായി ബന്ധപ്പെട്ട് സംരംഭകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായാണ് പൂർണമായും ഓൺലൈൻ ആയി പ്രവർത്തിക്കുന്ന പരാതി പരിഹാര പോർട്ടൽ സജ്ജമാക്കിയിരിക്കുന്നത്.

ബഹു. ഗതാഗത വകുപ്പ് മന്ത്രി ശ്രീ. ആന്റണി രാജു അധ്യക്ഷത വഹിച്ച ചടങ്ങിൽ ബഹു. തദ്ദേശ സ്വയം ഭരണ എക്സൈസ് വകുപ്പ് മന്ത്രി ശ്രീ. എം. ബി. രാജേഷ്, ബഹു. പൊതുവിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി ശ്രീ. വി. ശിവൻകുട്ടി, മറ്റ് വ്യവസായ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു. നോഡൽ ഓഫീസർമാർക്കുള്ള ശിൽപശാലയും പരിപാടിയോടനുബന്ധിച്ച് സംഘടിപ്പിക്കുകയുണ്ടായി.

**2022-23 സംരംഭക വർഷം**

*as on 14/03/2023

**135,595** പുതു സംരംഭങ്ങൾ

**8080.78** കോടി രൂപയുടെ നിക്ഷേപം

**290,610** തൊഴിലവസരങ്ങൾ

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.